## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3333** **15-02-2024 - ൽ മറുപടിയ്ക്ക്**

## കൊല്ലം-ചെങ്കോട്ട ദേശീയ പാത നാലുവരിപ്പാത ആക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ 2022 -23 ബഡ്ജറ്റിൽ പരാമർശിച്ച കൊല്ലം-ചെങ്കോട്ട ദേശീയ പാത നാലുവരിപ്പാത ആക്കുന്ന പ്രവൃത്തിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | 2022-23 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കൊല്ലം ചെങ്കോട്ട റോഡ് നാലുവരിപ്പാത നിർമ്മാണത്തിന് 05.11.2022ലെ GO (Rt) നം.1069/2022/PWD ഉത്തരവ് പ്രകാരം തത്വത്തിൽ ഭരണാനുമതി ലഭിക്കുകയും, പൊതുമരാമത്ത് വകുപ്പിന്റെ ഹൈവേ ഡിസൈൻ യൂണിറ്റ് സ്ഥല പരിശോധന നടത്തി പദ്ധതി പ്രവർത്തിയുടെ Pre Feasibility Report തയ്യാറാക്കുകയും ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ) പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ; വിശദമാക്കാമോ; | (ബി) | ഡി.പി.ആർ തയ്യാറാക്കിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ ഹൈവേ ഡിസൈൻ യൂണിറ്റ് സ്ഥലപരിശോധന നടത്തി പദ്ധതി പ്രവർത്തിയുടെ Pre-Feasibility report തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയ്ക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും പ്രസ്തുത തുകയിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (സി) | എം.സി റോഡ് നാലുവരി പാതനിർമാണം (കേശവദാസപുരം–അങ്കമാലി), കൊല്ലം ചെങ്കോട്ട റോഡ് നാലുവരിപ്പാത നിർമ്മാണം എന്നീ 2 പദ്ധതികൾക്കായി 1500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ Pre Feasibility Reportപ്രകാരം ഉൾപ്പെട്ടിട്ടുള്ള പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br><br>ചിന്നക്കട മുതൽ കോട്ടവാസൽ വരെയുള്ള 81.250km റോഡിനെ നാലു വരിപ്പാതയാക്കൽ ( Row- 24m consists of 7m carriageway with 1.5m paved shoulder on either side of 2.0m wide raised median with 2m space to accommodate drain cum utility duct with footpath and 0.5m earthen shoulder.), 149 ക്രോസ് ഡ്രെയിനേജ് സ്ട്രക്ച്ചറുകൾ, 8 ROBs/RUB, 9 minor bridge, 1 major bridge എന്നിവയുടെ പുനർനിർമ്മാണം/ വീതി കൂട്ടിയുള്ള നിർമ്മാണം. |
| (ഡി) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ? | (ഡി) | കൊല്ലം-ചെങ്കോട്ട റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 01.08.2023 ന് |

| | | | |
|---|---|---|---|
| | | | പി.ഡബ്ല്യൂ.ഡി സെക്രട്ടറിയുടെ നേതൃത്വത്തിൽ യോഗം നടത്തുകയും ടി യോഗത്തിൽ, വീതി കൂട്ടൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ സ്ട്രെച്ച് NHAI യുടെ പരിഗണയിലിരിക്കുന്ന പ്രോജക്റ്റിൽ ഉൾപ്പെട്ടു വരുന്നവ ആയതിനാൽ NHAI യുടെ അന്തിമ തീരുമാനത്തിനായി പദ്ധതി പ്രവർത്തനം തൽക്കാലം നിർത്തി വയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ